**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2971** **10-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുടാപ്പുകളുടെ എണ്ണവും വെള്ളക്കരത്തിന്റെ കുടിശ്ശികയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പൊതു ടാപ്പുകൾ ഉണ്ട് എന്ന വിഷയത്തിലും വാട്ടർ അതോറിറ്റിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് അടയ്ക്കാനുള്ള വെള്ളക്കരത്തിന്റെ കുടിശ്ശികയുടെ കാര്യത്തിലും വകുപ്പുകൾ തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തർക്കം ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് എത്ര പൊതു ടാപ്പുകൾ ഉണ്ട് എന്ന വിഷയത്തിലും വാട്ടർ അതോറിറ്റിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് അടയ്ക്കാനുള്ള വാട്ടർ ചാർജ്ജ് കുടിശ്ശികയുടെ കാര്യത്തിലും വകുപ്പുകൾ തമ്മിൽ കണക്കുകളിൽ പൊരുത്തക്കേടുകൾ നിലനിൽക്കുന്നുണ്ട്.<br><br>വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷ പ്രകാരം പല കാലയളവുകളിലായി പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തുകയും ആവശ്യമില്ലാത്ത ടാപ്പുകൾ വിച്ഛേദിയ്ക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക വാട്ടർ അതോറിറ്റി നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുക അടയ്ക്കുന്ന മുറയ്ക്കാണ് ടാപ്പുകൾ വിച്ഛേദിയ്ക്കുന്നത്. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് തുക അടയ്ക്കാത്തതിനാലാണ് കേരള വാട്ടർ അതോറിറ്റി ടാപ്പുകൾ വിച്ഛേദിയ്ക്കാതിരിയ്ക്കുന്നത്.<br><br>എന്നാൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംയുക്ത പരിശോധന തിയ്യതി മുതൽ ടാപ്പുകൾ വിച്ഛേദിച്ചതായി കണക്കാക്കുകയോ ആവശ്യമില്ലാത്ത ടാപ്പുകൾ വിച്ഛേദിയ്ക്കുന്നതിനുള്ള കത്ത് നൽകുന്ന നാൾ മുതൽ ടാപ്പുകൾ വിച്ഛേദിച്ചതായി കണക്കാക്കുകയോ എസ്റ്റിമേറ്റ് തുക നൽകിയ നാൾ മുതൽ ടാപ്പുകൾ വിച്ഛേദിച്ചതായി കണക്കാക്കുകയോ ചെയ്യുന്നതിനാലാണ് ടാപ്പുകളുടെ എണ്ണത്തിൽ ഇരു വകുപ്പുകളും തമ്മിൽ കണക്കുകളിൽ പൊരുത്തക്കേടുകൾ ഉണ്ടാകുന്നത്. മാത്രമല്ല പല അവസരങ്ങളിലും പൊതു ടാപ്പുകൾ വിച്ഛേദിക്കുമ്പോൾ പൊതു ജനങ്ങളുടെ പ്രതിഷേധം കാരണം ടാപ്പുകൾ വിച്ഛേദിയ്ക്കാൻ കഴിയാറില്ല. കേരള വാട്ടർ അതോറിറ്റി കണക്ഷൻ വിച്ഛേദിക്കുന്ന നാൾ മുതൽ മാത്രമേ പൊതു ടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്താറുള്ളൂ. ഇക്കാരണത്താലും കണക്കുകളിൽ വ്യത്യാസം |

| | | | |
|---|---|---|---|
| | | | വരാറുണ്ട്. ടാപ്പുകളുടെ എണ്ണവും കുടിശ്ശികയും സംബന്ധിച്ച കൃത്യമായ കണക്ക് വാട്ടർ അതോറിറ്റിയിൽ സൂക്ഷിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ പൊതുടാപ്പുകൾക്ക് ജിയോ ടാഗ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പൊതു ടാപ്പുകളുടെ വിവരശേഖരണത്തിനായി എന്ത് മാർഗ്ഗമാണ് വകുപ്പ് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പൊതുടാപ്പുകൾക്ക് ജിയോ ടാഗ്ഗിങ് നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള പൊതു ടാപ്പുകളിലെ വാട്ടർ ചാർജ് കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ചും പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ചും ചർച്ച ചെയ്യുന്നതിനായി 23/10/2024-ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ഒരു യോഗം കൂടിയിരുന്നു. യോഗ തീരുമാനം അനുസരിച്ച് പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം (30/09/2024 വരെ) ഉണ്ടായിരുന്ന കുടിശ്ശികയായ 1148.60 കോടി രൂപ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കണക്ക് പ്രകാരം 9 05 കോടി രൂപ) വാട്ടർ അതോറിറ്റിക്ക് നൽകുമെന്ന് ഉറപ്പു നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ ജിയോ ടാഗിങ്ങിനായ ഇൻഫർമേഷൻ കേരള മിഷൻ സോഫ്റ്റ്‌വെയർ രൂപീകരിക്കുകയും വാട്ടർ അതോറിറ്റി ജീവനക്കാരെ ഉപയോഗിച്ച് പ്രസ്തുത പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തു. ഇരു വകുപ്പുകളും ജിയോടാഗ് ചെയ്ത ഡാറ്റ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ആയത് പുരോഗമിച്ച് വരുന്നു. |
| (സി) | വാട്ടർ അതോറിറ്റിയുടെ കണക്കുപ്രകാരം സംസ്ഥാനത്തുള്ള പൊതു ടാപ്പുകളുടെ എണ്ണവും വെള്ളക്കരമിനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അടയ്ക്കാനുള്ള കുടിശ്ശികയും എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം നിലവിൽ (28/02/2025-ൽ) 99,483 പൊതു ടാപ്പുകളാണുള്ളത്. നിലവിലെ കുടിശ്ശിക 1269.36 കോടി രൂപയുമാണ്. |
| (ഡി) | പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു; വിശദമാക്കാമോ? | (ഡി) | 06/06/2022-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ സ.ഉ(കൈ)നം.119/2022/LSGD ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നിവയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ തനതു വരുമാനം/ പൊതു ആവശ്യ ഫണ്ട് എന്നിവയിൽ നിന്നും നൽകേണ്ട ആദ്യ ഇനം ആക്കേണ്ടതാണെന്നും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ അറിയിച്ചുകൊണ്ട് ഈ തുക യഥാസമയം അടയ്ക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്കാണെന്നും തുക അടയ്ക്കുന്നതിൽ അകാരണമായി വരുന്ന കാലതാമസത്തിനുള്ള പിഴ സെക്രട്ടറിയുടെ |

| | | | |
|---|---|---|---|
| | | | വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണെന്നും അറിയിച്ചിരുന്നു.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും എല്ലാ റവന്യൂ ഓഫീസർമാർക്കും സർക്കുലർ നൽകുകയും ചെയ്തു. തുടർന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ ഈ വിവരം അറിയിച്ചു കൊണ്ട് ഡിവിഷൻ ഓഫീസുകളിൽ നിന്ന് കത്ത് നൽകുകയും ചെയ്തിരുന്നു. കൂടാതെ 23/10/2024-ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും ജലവിഭവ വകുപ്പ് മന്ത്രിയുടെയും അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും ചെയ്തു. യോഗ തീരുമാനം അനുസരിച്ച് പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം (30/09/2024 വരെ) ഉണ്ടായിരുന്ന കുടിശ്ശികയായ 1148.60 കോടി രൂപ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കണക്ക് പ്രകാരം 905 കോടി രൂപ) വാട്ടർ അതോറിറ്റിക്ക് നൽകുമെന്ന് ഉറപ്പ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ ജിയോ ടാഗിങ്ങിനായി ഇൻഫർമേഷൻ കേരള മിഷൻ സോഫ്റ്റ്‌വെയർ രൂപീകരിക്കുകയും വാട്ടർ അതോറിറ്റി ജീവനക്കാരെ ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ഇരു വകുപ്പുകളും ജിയോടാഗ് ചെയ്ത ഡാറ്റ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ആയത് പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ